"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറിയിലെ സ്ഥിരം തൊഴിലാളിയായിരിക്കെ മരണപ്പെട്ട സജേഷ് തമ്പിയുടെ അനധികൃത ഹാജരില്ലായ്മ ക്രമീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1099/2024/AGRI തീയതി,തിരുവനന്തപുരം, 23-11-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.647/2023/കൃഷി; തീയതി 04.07.2023
2. സ.ഉ (സാധാ) നം. 648/2023/കൃഷി ; തീയതി 04.07.2023
3. കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 13.12.2023-ലെ ADFW/13296/2023/LW(1) നമ്പർ കത്ത്.

**ഉത്തരവ്**

ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറിയിലെ സ്ഥിരം തൊഴിലാളിയായിരുന്ന സജേഷ് തമ്പി കരൾ സംബന്ധമായ അസുഖത്തെ തുടർന്ന് 09/10/2020 ൽ മരണമടയുകയുണ്ടായി. ടിയാൻ ജോലിക്ക് ഹാജരാകാതിരുന്ന 04/06/2016 മുതൽ 17/10/2016 വരെയുള്ള 136 ദിവസം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ മേൽ അനുവദിച്ച 136 ദിവസങ്ങൾക്ക് പുറമെ അസുഖത്തെ തുടർന്ന് ടിയാൻ അനധികൃതമായി ഹാജരാകാതിരുന്ന 14.02.2017 മുതൽ 8.10.2020 വരെയുള്ള 1333 ദിവസങ്ങൾ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്ന് പരാമർശം (3) പ്രകാരം കൃഷി ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറിയിലെ സ്ഥിരം തൊഴിലാളിയായിരിക്കെ മരണപ്പെട്ട സജേഷ് തമ്പി കരൾ സംബന്ധമായ അസുഖത്തെ തുടർന്ന് അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 14.2.2017 മുതൽ 8.10.2020 വരെയുള്ള 1333 ദിവസങ്ങൾ പരാമർശം (1) ലെ ഉത്തരവിൽ ഇളവ് വരുത്തി ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.മനോജ് കുമാർ

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്.

സജേഷ് തമ്പിയുടെ നിയമപരമായ അവകാശിയ്ക്ക്

(കൃഷി വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ), തിരുവനന്തപുരം .

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം .

കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Sujanath V M
Date: 25-11-2024 10:47:49

സെക്ഷൻ ഓഫീസർ